പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2049 — 11.06.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കോടഞ്ചേരിയിൽ ഗർഭസ്ഥ ശിശു മരിക്കുവാനിടയായ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് കോടഞ്ചേരിയിൽ ജോത്സനയുടെ ഗർഭസ്ഥ ശിശു മരിക്കുവാനിടയായ അക്രമ സംഭവത്തിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; അവർക്കെതിരെ ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; | (എ) | കോടഞ്ചേരിയിൽ ജോത്സനയുടെ ഗർഭസ്ഥ ശിശു മരിക്കാനിടയായ സംഭവത്തിന് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം.21/18 u/s 143, 147, 447, 341, 323, 324, 316 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ മദ്ധ്യേ 354 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ട് എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് കൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ട 7 പ്രതികളെയും അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതും ടി പ്രതികൾ ജാമ്യം നേടിയിട്ടുള്ളതുമാണ്. ടി കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രതികൾക്കെതിരെ വധശ്രമക്കുറ്റം ചുമത്തണമെന്ന ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | (ബി) | പീഡനത്തിനിരയായ ജോത്സനയ്ക്കും കുടുംബത്തിനും സംരക്ഷണം നൽകാനും കേസ്സിൽ പ്രതികൾക്കെതിരെ വധശ്രമക്കുറ്റം ചുമത്താനും ദേശീയ ന്യൂനപക്ഷ കമ്മീഷൻ ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ വധശ്രമക്കുറ്റം ചെയ്തതായി വെളിവായിട്ടില്ല. ആയതിനാൽ വധശ്രമക്കുറ്റം ചുമത്തിയിട്ടില്ല. |
| (സി) | ജോത്സനയ്ക്കും കുടുംബത്തിനും സുരക്ഷ ഒരുക്കുന്നതിൽ പോലീസിന് വീഴ്ച പറ്റിയെന്ന് ന്യൂനപക്ഷ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ ; | (സി) യും (ഡി) യും | ജോത്സനയ്ക്കും കുടുംബത്തിനും സുരക്ഷ ഒരുക്കണമെന്ന് ബഹു.ദേശീയ ന്യൂനപക്ഷ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ പോലീസിന് വീഴ്ച ഉണ്ടായതായി കമ്മീഷൻ പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീമതി ജോത്സന സിബി നൽകിയ പരാതി കോഴിക്കോട് സെഷൻസ് |
| (ഡി) | പ്രത്യേക കോടതി രൂപീകരിച്ച് ഈ കേസിന്റെ വിചാരണ | | |

| | | |
|---|---|---|
| | പൂർത്തിയാക്കണമെന്നും കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്നുമുള്ള കമ്മീഷൻ ശിപാർശകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | കോടതി എസ് സി നമ്പർ 940/2018 ആയി ഫയലിൽ സ്വീകരിച്ച് കോഴിക്കോട്ടെ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിലേക്ക് കൈമാറിയിട്ടുള്ളതും എന്നാൽ സുപ്രീം കോടതി നിർദ്ദേശിച്ച സമയബന്ധിതമായ കേസുകളും ആ കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളും ഉള്ളതിനാൽ പ്രസ്തുത കോടതിക്ക് സമയപരിധിക്കുള്ളിൽ ഈ കേസ് തീർപ്പാക്കാൻ കഴിയില്ലെന്ന് കോഴിക്കോട് ജില്ലാ ജഡ്ജി അറിയിച്ചിട്ടുള്ളതായി ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ഈ കേസിൽ കേരള വിക്ടിം കോമ്പൻസേഷൻ സ്കീമിലെ സെക്ഷൻ 357(4) ഉം, സെക്ഷൻ 4 (ബി) ഉം ബാധകമല്ലാത്തതാണ്. ഇരയ്ക്ക് സാമ്പത്തിക സഹായം നൽകണമെന്ന കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം പരാതിക്കാരിയെ അറിയിക്കുകയും, ഇക്കാര്യം ബഹു. കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ